## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 444** **11-06-2024 - ൽ മറുപടിയ്ക്ക്**

## കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കിഫ്ബി വഴിയുള്ള കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയതിനെ തുടർന്ന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും കിഫ്ബിയുടെ ധനാനുമതി ലഭിക്കുന്നതിലുണ്ടായ 7 വർഷത്തെ കാലതാമസത്തിനു പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൌകര്യ വികസന പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 24-02-2018-ലെ സ.ഉ (സാധാ) നം.627/2018/ആ.കു.വ, 02-06-2020-ലെ സ.ഉ (സാധാ) നം.627/2018/ ആ.കു.വ എന്നീ ഭരണാനുമതി ഉത്തരവുകൾ പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് ഹൌസിംഗ് ബോർഡ് സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി പരിശോധിക്കുന്നതിന്റെ ഭാഗമായി ടി പദ്ധതിയുടെ ഡിസൈൻ റിവ്യൂ, ഇ.എസ്.ജി റിവ്യൂ എന്നിവ നടന്നു വരികയാണ്. സമർപ്പിച്ച പദ്ധതി റിപ്പോർട്ട് നടപ്പിലാക്കാൻ ആവശ്യമായ രേഖകൾ നൽകുവാൻ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് ഹൌസിംഗ് ബോർഡ് കാലതാമസം വരുത്തിയതിന്മേൽ പല അവലോകന യോഗങ്ങൾ കൂടി പരിഹരിച്ചു വരികയാണ്. ഇതോടനുബന്ധിച്ച് എസ്.പി.വി-യോട് ചില രേഖകളും വിശദാംശങ്ങളും ആരാഞ്ഞിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരം നൽകി ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഉണ്ടായിരിക്കുന്ന പ്രധാന തടസ്സം വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ റിവ്യൂ, ഇ.എസ്.ജി റിവ്യൂ എന്നിവ നടത്തുന്നതിന്റെ ഭാഗമായി എസ്.പി.വി-യോട് ആരാഞ്ഞിട്ടുള്ള വിശദാംശങ്ങൾ കിഫ്ബിയിൽ ലഭ്യമായിട്ടില്ല. ആയതു ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടി പ്രവൃത്തിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബിയ്ക്ക് സ്വീകരിക്കാനാകൂ. |
| (സി) | ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് ശരിയായ രീതിയിൽ സമർപ്പിക്കാത്തതിന് എസ്.പി.വി യെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) | എസ്.പി.വി-യെ മാറ്റുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതും ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ബന്ധപ്പെട്ട ഭരണവകുപ്പായ ആരോഗ്യ കുടുംബക്ഷേമ വകുപ്പാണ്. |

| | | | |
|---|---|---|---|
| (ഡി) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കിഫ്ബി വഴിയുള്ള കെട്ടിട നിർമാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ഡി) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കിഫ്ബി വഴിയുള്ള കെട്ടിട നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് നിലവിൽ പരിശോധനാഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി ചില രേഖകളും വിശദാംശങ്ങളും എസ്.പി.വി-യോട് ആരാഞ്ഞിട്ടുള്ളതുമാണ്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ടി പ്രവൃത്തിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ